"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.സുനിത.വി.എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ, നിയമനത്തിനായി കാത്തു നിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഇഎ) വകുപ്പ്**

സ.ഉ.(സാധാ) നം.725/2023/AGRI തീയതി,തിരുവനന്തപുരം, 25-07-2023

---

പരാമർശം:- 1. സ.ഉ.(സാധാ) നം. 611/2021/കൃഷി തീയതി 21/7/2021

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 13/03/2023 തീയ്യതിയിലെ ADFW/11408/2022-SB2 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറായ ശ്രീമതി സുനിത.വി.എസ്, 04/01/2021 മുതൽ അവധിയിൽ പ്രവേശിക്കുകയും 11/06/2021 ന് തിരികെ കൃഷി ഡയറക്ടറേറ്റിൽ റിപ്പോർട്ട് ചെയ്തിരുന്നു എന്നും തുടർന്ന് പരാമർശം 1 ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23/07/2021 ന് തിരുവനന്തപുരം പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസിൽ സേവനത്തിൽ പ്രവേശിച്ചു എന്നും ടിയാരി നിയമനത്തിനായി കാത്ത് നിന്ന 11/06/2021 മുതൽ 22/07/2021 വരെയുള്ള കാലയളവ് ക്രമീകരിച്ചു നൽകണമെന്നും പരാമർശം 2 കത്ത് പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീമതി സുനിത.വി.എസ്., കൃഷി അസിസ്റ്റന്റ് ഡയറക്ടർ നിയമനത്തിനായി കാത്ത് നിന്ന കാലയളവിൽ വയനാട് പനമരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ ഒഴിവ് നിലനിന്നിരുന്നു എന്നത് പരിഗണിച്ച് ടിയാരി നിയമനത്തിനായി കാത്തുനിന്ന 11/06/2021 മുതൽ 22/07/2021 വരെയുള്ള കാലയളവ് കെ.എസ്.ആർ ഭാഗം I ലെ ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ് സാബിർ ഹുസൈൻ**

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
ശ്രീമതിസുനിത.വി.എസ്, കൃഷി അസിസ്റ്റന്റ് ഡയറക്ടർ (കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
കരുതൽ സഞ്ചയം / ഓഫീസ് കോപ്പി (AGRI-EA1/73/2023-AGRI)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ